# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 201 | 04.05.2017- ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അടൂർ പ്രകാശ്<br>,, കെ.സി.ജോസഫ്<br>,, അനൂപ് ജേക്കബ്<br>,, വി.എസ്.ശിവകുമാർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി എന്നത്തേക്ക് പ്രാവർത്തികമാകും എന്നാണ് കണക്കാക്കുന്നത്; പ്രസ്തുത നികുതി സംവിധാനത്തിലേക്ക് സംസ്ഥാനത്തെ നികുതി സംവിധാനം മാറ്റുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | നിലവിൽ നടക്കുന്ന ചർച്ചകൾ പ്രകാരം 01.07.2017 മുതൽ ജി.എസ്.ടി നടപ്പിലാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എസ്.ജി.എസ്.ടി നിയമത്തിന്റെ കരട് തയ്യാറായി വരുകയാണ്. ഇത് നിയമസഭ പാസാക്കേണ്ടതുണ്ട്. ഉദ്യോഗസ്ഥർക്കും വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിനും ഉള്ള ട്രെയിനിംഗ് പുരോഗമിച്ചുവരുന്നു. ബാക്ക് എൻഡ് മോഡ്യൂളുമായി ബന്ധപ്പെട്ട കാര്യങ്ങളും പുരോഗമിച്ചുവരുന്നു. |
| (ബി) | നിലവിലെ നികുതി നിരക്കും ജി.എസ്.ടി.യും തമ്മിലുള്ള വ്യത്യാസം കേന്ദ്രം സെസ്സായി ഈടാക്കുമെന്ന ധാരണയുണ്ടായിട്ടുണ്ടോ; സെസ്സിന്റെ പരമാവധി പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | (ബി) | ഉണ്ട്. സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം ആദ്യ അഞ്ചു വർഷത്തേക്ക് പൂർണ്ണമായി കേന്ദ്രം നല്കുന്നതാണ്. ഇതിനായി ജി.എസ്.ടി കോമ്പൻസേഷൻ നിയമം പാസാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സെസ്സിൽ ഉൾപ്പെടുത്താവുന്ന ചരക്കു സേവനങ്ങളുടെ പട്ടിക ആ നിയമത്തിലു ൾപ്പെടുത്തിയിട്ടുണ്ട്. ഇത് ആഡംബര, സിൻ ഗുഡ്സ് ലായി പരിമിതപ്പെടുത്തി 28% നികുതിക്ക് പുറമേ പരമാവധി 12% വരെ സെസ്സ് ചുമത്താനാണ് ഏകദേശ ധാരണ. ആ നിരക്ക് ഏതെല്ലാം ചരക്കുസേവനങ്ങൾക്കാണ് ചുമത്തുന്ന തെന്ന് പിന്നീട് വിജ്ഞാപനം ചെയ്യും. |

| | | | |
|---|---|---|---|
| (സി) | ബീഡിക്ക് സെസ്സ് ചുമത്താൻ നിർദ്ദേശമുണ്ടോ; ഇത് സംബന്ധിച്ച സംസ്ഥാന നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിലെ ജി.എസ്.ടി കോമ്പൻസേഷൻ നിയമത്തിലെ ഷെഡ്യൂൾ പ്രകാരം ബീഡിക്കുമേലും സെസ്സ് ചുമത്താൻ കേന്ദ്രത്തിന് അധികാരമുണ്ട്. ഇത് ജി.എസ്.ടി കൗൺസിലിന്റെ ശ്രദ്ധയിൽ പ്പെടുത്തുകയും ബീഡിയെ ഒഴിവാക്കണ മെന്ന് കേരളം ശക്തമായി ആവശ്യ പ്പെടുകയും ചെയ്തിട്ടുണ്ട്. ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വിജ്ഞാപനം ചെയ്യുമ്പോൾ ഇതു ഒഴിവാക്കപ്പെടുമെന്നാണ് കരുതുന്നത്. |

**സെക്ഷൻ ഓഫീസർ**